# കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

RCS/14/2020-EB(1) തിരുവനന്തപുരം, തീയതി, 31.03.2020

website: www.cooperation.kerala.gov.in

e-mail: keralarcs.coop@kerala.gov.in

വിഷയം: സഹകരണ വകുപ്പ് - ജീവനക്കാര്യം - 31.03.2020 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്ന ഗസറ്റഡ് ഉദ്യോഗസ്ഥർ വഹിച്ച് വരുന്ന തസ്തികയുടെ ചുമതല കൈമാറുന്നതിനുള്ള നിർദ്ദേശം - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സഹകരണ വകുപ്പിൽ ഗസറ്റഡ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന താഴെ പറയുന്ന ഉദ്യോഗസ്ഥർ 31.03.2020-ന് സർവ്വീസിൽ നിന്നും വിരമിക്കുകയാണ്. ടി ഉദ്യോഗസ്ഥരെ 31.03.2020 അപരാഹ്നം സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് അനുവദിച്ചുകൊണ്ടും, ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല ടിയാളുകളുടെ പേരിന് നേരെ കാണിച്ചിരിക്കുന്ന ആഫീസർക്ക് കൈമാറുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.COVID-19-ന്റെ പശ്ചാത്തലത്തിൽ സർക്കാരും, പ്രാദേശിക ഭരണ സ്ഥാപനങ്ങളും പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്കനുസരണമായുള്ള മുൻകരുതലുകൾ സ്വീകരിച്ചുകൊണ്ട് വിരമിക്കലിനെ തുടർന്നുള്ള ചുമതലകൈമാറ്റം ക്രമീകരിക്കേണ്ടതാണ്.

| ക്രമ നം. | സർവ്വീസിൽ നിന്നും വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ പേരും തസ്തികയും | വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റി നൽകേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|
| 1 | ശ്രീ. ബി. സാഗർലാൽ, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക് കണ്ണൂർ ജില്ല(മുൻ കണ്ണൂർ ജില്ലാ സഹകരണ ബാങ്ക്) | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), കണ്ണൂർ |
| 2 | ശ്രീമതി. കെ.പി.ജാൻസി ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക് കോട്ടയം ജില്ല(മുൻ കോട്ടയം ജില്ലാ സഹകരണ ബാങ്ക്) | വിരമിക്കുന്നതിന് മുന്നോടിയായി അവധിയിൽ പ്രവേശിച്ചിട്ടുള്ള തിനാൽ ചുമതല കൈമാറിയിട്ടുണ്ട് |
| 3 | ശ്രീമതി. കെ.സുഷമ, ജോയിന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക് എറണാകുളം ജില്ല (മുൻ എറണാകുളം ജില്ലാ സഹകരണ ബാങ്ക്) | ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), എറണാകുളം |
| 4 | ശ്രീ. കെ.എസ്.കുഞ്ഞുമുഹമ്മദ്, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), ഇടുക്കി | ജോയിന്റ് രജിസ്ട്രാർ (ജനറൽ), ഇടുക്കി |
| 5 | ശ്രീ.ഇ. ഹരിദാസ്, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്), കോഴിക്കോട് | ജോയിന്റ് രജിസ്ട്രാർ (ജനറൽ), കോഴിക്കോട് |
| 6 | ശ്രീമതി.എൻ.വി.സുഗത, അസിസ്റ്റന്റ് ഡയറക്ടർ (ഹയർ ഗ്രേഡ്)/ കൺകറന്റ് ആഡിറ്റർ, കൊയിലാണ്ടി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, കോഴിക്കോട് | അസിസ്റ്റന്റ് ഡയറക്ടർ, ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസ്, കോഴിക്കോട് |

| | | |
|---|---|---|
| 7 | ശ്രീമതി. കെ. ഗീത, അസിസ്റ്റന്റ് ഡയറക്ടർ/കൺകറന്റ് ആഡിറ്റർ, സ്പേസ് സെന്റർ എംപ്ലോയീസ് സഹകരണ സംഘം, തിരുവനന്തപുരം | അസിസ്റ്റന്റ് ഡയറക്ടർ, (ആഡിറ്റ്), തിരുവനന്തപുരം |
| 8 | ശ്രീ.കെ.ഉണ്ണികൃഷ്ണപിള്ള, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), മാവേലിക്കര | അസിസ്റ്റന്റ് ഡയറക്ടർ(ആഡിറ്റ്), മാവേലിക്കര |
| 9 | ശ്രീ. റ്റി.തമ്പി തോമസ്, അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കാട്ടാക്കട | അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), നെയ്യാറ്റിൻകര |
| 10 | ശ്രീമതി. സി.റ്റി.രാധാമണി, സഹകരണ ആഡിറ്റ് ഡയറക്ടറുടെ പി.എ സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം | സഹകരണ സംഘം രജിസ്ട്രാറുടെ പി.എ, സഹകരണ സംഘം രജിസ്ട്രാർആഫീസ്, തിരുവനന്തപുരം |

ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയ്ക്ക് പുറമെ മറ്റേതെങ്കിലും തസ്തികയുടെ/കളുടെ അധിക ചുമതല വഹിക്കുകയാണെങ്കിൽ ആയതിന്റെ ചുമതല കൂടി വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറ്റം ചെയ്യപ്പെടേണ്ട ആഫീസർക്ക് കൈമാറേണ്ടതാണ്.

ടി ഉദ്യോഗസ്ഥർ വഹിച്ചു വരുന്ന തസ്തികയുടെ ചുമതല കൈമാറിയതിന്റെയും, നിയമിക്കപ്പെട്ട തസ്തികയുടെ ചുമതല ഏറ്റെടുത്തതിന്റെയും ചുമതലാ കൈമാറ്റ റിപ്പോർട്ട് യഥാസമയം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം, സഹകരണ സംഘം രജിസ്ട്രാർ എന്നിവർക്ക് യഥാസമയം അയയ്ക്കേണ്ടതാണ്.

(ഒപ്പ്)
പി.എസ്. മനോജ്
അഡീഷണൽ രജിസ്ട്രാർ (ജനറൽ)

വ്യക്തികൾക്ക്:
പകർപ്പ്:

1) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഗവൺമെന്റ് സെക്രട്ടറി, സഹകരണ (എ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്
4) സഹകരണ ആഡിറ്റ് ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം
5) ജോയിന്റ് രജിസ്ട്രാർ (ജനറൽ), തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്,
6) ജോയിന്റ് ഡയറക്ടർ (ആഡിറ്റ്),തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ
7) ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, കോഴിക്കോട്, കണ്ണൂർ
8) സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.ബി)